(ബി) ഇതുസംബന്ധമായ ഗവൺമെന്റ് തീരുമാനം വിശദമാക്കാമോ;

(സി) സ്വയം വിരമിക്കൽ പദ്ധതി ഏതെല്ലാം മേഖലയിലാണിപ്പോൾ നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി ആവിഷ്കരിച്ചത് ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ റിപ്പോർട്ടിനെ സംബന്ധിച്ച യു.ഡി.എഫ്. ഉപസമിതിയുടെ ശുപാർശ എന്തായിരുന്നു;

(എഫ്) എത്ര ജീവനക്കാരെയും തൊഴിലാളികളെയും ഈ പദ്ധതിയിലൂടെ ഈ വർഷം പിരിച്ചുവിടാനാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നതെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): (എ, ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ അധിക ജീവനക്കാരുള്ളതായി കണ്ടെത്തിയാൽ അവരെ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയിൻകീഴിൽ സ്വയം വിരമിക്കൽ പദ്ധതിയിൽ കൊണ്ടുവരുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

(സി) അടച്ചുപൂട്ടാനുദ്ദേശിക്കുന്നതും അധിക ജീവനക്കാരുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(ഡി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി നൽകിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ.

(ഇ) ഇതുസംബന്ധിച്ച് ഔപചാരികമായ ശുപാർശകൾ യു. ഡി. എഫ്. ഉപസമിതിയിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(എഫ്) ഇ. ആർ. സി. സമർപ്പിച്ച പുനരുദ്ധാരണ നിർദ്ദേശങ്ങളുടെ ഭാഗമായി ചില യൂണിറ്റുകളിൽ മുഴുവൻ ജീവനക്കാരെയും മറ്റു ചില യൂണിറ്റുകളിൽ അധികമുള്ള ജീവനക്കാരെയും സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രൈവറ്റ് ബസ് തൊഴിലാളികൾക്ക് ക്ഷേമനിധി

*16 [916] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പ്രൈവറ്റ് ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും എത്ര പേർക്ക് ക്ഷേമനിധി രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പുതുതായി ബസ് പെർമിറ്റ് നൽകുന്നതിനും പെർമിറ്റ് പുതുക്കി നൽകുന്നതിനും തൊഴിലാളി ക്ഷേമനിധി രജിസ്ട്രേഷൻ വേണമെന്ന നിബന്ധന നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരമൊരു നിബന്ധന പ്രാവർത്തികമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ രേഖകൾ പ്രകാരം 26197 പ്രൈവറ്റ് ബസുകളുണ്ട്. ഇതിൽ 11616 എണ്ണം ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വന്നിട്ടുണ്ട്. 14581 ബസുകൾ ഈ പദ്ധതിയിൽ വരാനുണ്ട്.

(ബി) ഇതിൽ 57171 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. 46958 പേർക്ക് ക്ഷേമനിധി അംഗങ്ങളായി രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഈ നിർദ്ദേശം പരിശോധിക്കുന്നതാണ്.

സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനം

*17 [917] ശ്രീ. പി. സി. ജോർജ്ജ്:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ സ്ത്രീകളുടെ ക്ഷേമത്തിനായി എത്രത്തോളം പ്രയോജനപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; കമ്മീഷൻ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് എത്ര സന്ദർശനങ്ങൾ ഇപ്പോഴത്തെ വനിതാ കമ്മീഷൻ നടത്തിയിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി;

(സി) പ്രസ്തുത റിപ്പോർട്ടുകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) വനിതാകമ്മീഷന് ഇതിനകം ലഭിച്ച മൊത്തം പരാതികൾ എത്ര; പരാതികളിൽ ഇനിയും തീർപ്പാക്കുവാനായി അവശേഷിക്കുന്നവ എത്ര എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly